## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3504 18.02.2013 - ൽ മറുപടിയ്ക്ക്

<u>അനാഥാലയങ്ങളിലെ കുട്ടികളുടെ പഠനം</u>

ചോദ്യം ഉത്തരം

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

**ഡോ. എം.കെ. മുനീർ**
( ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | അനാഥാലയങ്ങളിലെ കുട്ടികളുടെ പഠനത്തിന് വേണ്ടി എന്തെല്ലാം സഹായങ്ങൾ ചെയ്ത് കൊടുക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 1. ഓർഫനേജ്കളിലെ അന്തേവാസികൾക്ക് നിലവിൽ ഐ.റ്റി.ഐ., ഫാർമസി, പോളിടെക്ക്നിക്, ജനറൽ നഴ്സിംഗ് എന്നീ കോഴ്സുകൾക്ക് സീറ്റ് റിസർവേഷൻ അനുവദിച്ചിട്ടുണ്ട്.<br><br>2. ഓർഫനേജ്കളിലെ അർഹരായ മുഴുവൻ കുട്ടികൾക്കും പ്ലസ് വൺ പ്രവേശം അവർ പഠിച്ചിരുന്ന സ്ഥാപനങ്ങളിൽ തന്നെ ലഭിയ്ക്കാൻ ഉത്തരവ് നൽകിയിട്ടുണ്ട്.<br><br>3. അനാഥാലയങ്ങളിലെ എസ്.എസ്.എൽ.സി.യ്ക്ക് പഠിയ്ക്കുന്ന കുട്ടികൾക്ക് പ്രസ്തുത കോഴ്സിന്റെ സർട്ടിഫിക്കറ്റ് ഫീസ് ഇളവ് അനുവദിയ്ക്കുന്നുണ്ട്. |
| (ബി) | അനാഥാലയങ്ങളിലെ കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസം നൽകുന്നതിന് നിലവിൽ ഒരു സഹായവും ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(സി) സർക്കാർ ധനസഹായം നൽകിയും സ്പോൺസർഷിപ്പ് ഏർപ്പെടുത്തിയും അനാഥാലയങ്ങളിലെ കുട്ടികൾക്ക് ഉന്നത പഠനത്തിന് സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) യും (സി) യും | പഠനത്തിൽ ഉന്നത നിലവാരം പുലർത്തുന്ന ഓർഫനേജ് അന്തേവാസികൾക്ക് പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസം ചെയ്യുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനു വേണ്ടിയുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. |

R. Vijayan

സെക്ഷൻ ഓഫീസർ